ഉത്തരം

(എ) മാവോയിസ്റ്റ് പ്രവർത്തനവുമായി ബന്ധപ്പെട്ട് സംസ്ഥാനത്തെ വിവിധ പോലീസ് സ്റ്റേഷനുകളിലായി 126 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) ഇതുമായി ബന്ധപ്പെട്ട് ആരെയും കരുതൽ തടങ്കലിൽ പാർപ്പിച്ചിട്ടില്ല.

പാസ്പോർട്ട്-ഓൺലൈൻ വെരിഫിക്കേഷൻ

213 (1957) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാസ്പോർട്ട് വിതരണത്തിനുള്ള പോലീസ് പരിശോധനാ സംവിധാനം പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ ഇത് പൂർണ്ണമായി നടപ്പിൽ വരുത്തുന്നതിന് കഴിയാത്തത് എന്തുകൊണ്ടാണ്;

(ബി) ഏതൊക്കെ ജില്ലകളിലാണ് ഓൺലൈൻ വെരിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്താൻ കഴിയാത്തത്;

(സി) പാസ്പോർട്ട് വിതരണം കാര്യക്ഷമമാക്കാൻ എല്ലാ ജില്ലകളിലും ഓൺലൈൻ പോലീസ് വെരിഫിക്കേഷൻ സംവിധാനം പൂർണ്ണമായും നടപ്പിലാക്കുന്നതിനും യഥാസമയം വെരിഫിക്കേഷൻ നടപടികൾ പൂർത്തിയാക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പാസ്പോർട്ട് വിതരണത്തിനുള്ള പോലീസ് പരിശോധനാ സംവിധാനം പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ ത്വരിത ഗതിയിൽ നടന്നുവരികയാണ്.

(ബി) കോട്ടയം, കാസർഗോഡ്, തൃശ്ശൂർ സിറ്റി, തൃശ്ശൂർ റൂറൽ, പാലക്കാട്, കോഴിക്കോട് റൂറൽ, ആലപ്പുഴ, കണ്ണൂർ, പത്തനംതിട്ട എന്നീ ജില്ലകളിലാണ് ഓൺലൈൻ വെരിഫിക്കേഷൻ സംവിധാനം ഏർപ്പെടുത്താൻ കഴിയാത്തത്.

(സി) പാസ്പോർട്ട് വിതരണത്തിനുള്ള പോലീസ് പരിശോധനാ സംവിധാനം പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ നടന്നുവരിക യാണ്.

വാഹനാപകടങ്ങൾ

214 (1958) ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന പരിശോധനയും ബോധവത്കരണവും ശക്തമായിട്ടും വാഹനാപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) എങ്കിൽ ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര വാഹനാപകടങ്ങൾ രജിസ്റ്റർ ചെയ്തു; എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്കേറ്റു; ഇതുമായി ബന്ധപ്പെട്ട് എത്ര പേരെ അറസ്റ്റ് ചെയ്തു; ഇനിയും എത്ര പേരെ അറസ്റ്റ് ചെയ്യാനുണ്ട്; വ്യക്തമാക്കുമോ;

(സി) ഈ സർക്കാർ വന്നതിനു ശേഷം നാളിതുവരെ മദ്യപിച്ചു വാഹനമോടിച്ചതിന്റെ ഫലമായി എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്കേറ്റു; വിശദമാക്കുമോ;

(ഡി) ഇത്തരത്തിൽ മദ്യപിച്ച് വാഹനം ഓടിച്ച് അപകടം വരുത്തുന്നവരുടെ ലൈസൻസ് എന്നേയ്ക്കുമായി റദ്ദ് ചെയ്യുവാനും ജാമ്യമില്ലാ വകുപ്പ് പ്രകാരം അറസ്റ്റ് ചെയ്ത് ശിക്ഷ വാങ്ങി നൽകുന്നതിനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ;

(ഇ) വാഹന പരിശോധനയുമായി ബന്ധപ്പെട്ട് നിർത്താതെ പോയ വാഹനങ്ങളെ പിന്തുടരുന്ന പോലീസിന്റെ നടപടിയിൽ പേടിച്ച് നിയന്ത്രണം വിട്ട് ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ എത്ര പേർ മരണപ്പെട്ടു; എത്ര പേർക്ക് പരിക്കേറ്റു ; വ്യക്തമാക്കുമോ;

(എഫ്) ഈ സർക്കാർ കാലയളവിനുള്ളിൽ നാളിതുവരെ ഹെൽമെറ്റ് ധരിക്കാത്തതിന്റെ പേരിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; എന്ത് തുക പിഴ ഈടാക്കി;

(ജി) വാഹനമോടിക്കുമ്പോൾ സീറ്റ് ബെൽറ്റ് ധരിക്കാത്തതിന്റെ പേരിൽ ഈ കാലയളവിനുള്ളിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തു; പിഴ ഇനത്തിൽ എത്ര തുക ഈടാക്കി; റോഡിന്റെ മറവിലും ട്രാഫിക് സിഗ്നലിന്റെ സമീപത്തും വാഹന പിരശോധന നടത്തുന്നതും മൂലം അപകടങ്ങൾ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടുവോ; എങ്കിൽ ഇതു മൂലം ഈ സർക്കാർ കാലയളവിനുള്ളിൽ എത്ര വാഹനാപകടങ്ങൾ ഉണ്ടായിട്ടുണ്ട്; അതുവഴി എത്ര പേർ മരണപ്പെട്ടു ; ഇതുമായി ബന്ധപ്പെട്ട് എത്ര പോലീസ് ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിച്ചു; അവർ ആരെല്ലാമെന്ന് വിശദമാക്കുമോ; ഇത്തരം പരിശോധന നിർത്തലാക്കി നൂതന മാർഗ്ഗങ്ങൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നേരിയ തോതിൽ വർദ്ധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഈ സർക്കാർ കാലയളവിനുള്ളിൽ (18-5-2011 മുതൽ 31-1-2016 വരെ)

രജിസ്റ്റർ ചെയ്ത വാഹനാപകടങ്ങൾ	1,70,409
മരണപ്പെട്ടവർ	19,620
പരിക്കേറ്റവർ	1,96,282
ഇതുമായി ബന്ധപ്പെട്ട് അറസ്റ്റ് ചെയ്യപ്പെട്ടവർ	1,64,147
ഇനിയും അറസ്റ്റ് ചെയ്യപ്പെടാനുള്ളവർ	2,082

(സി)

മദ്യപിച്ച് വാഹനമോടിച്ചതിന്റെ ഫലമായി രജിസ്റ്റർ ചെയ്ത കേസുകൾ	9,64,952
മദ്യപിച്ച് വാഹനമോടിച്ച് അപകടമുണ്ടായതിന്റെ ഫലമായി രജിസ്റ്റർ ചെയ്ത കേസുകൾ	584
മരണപ്പെട്ടവർ	44
പരിക്കേറ്റവർ	572

(ഡി) മദ്യപിച്ച് വാഹനമോടിച്ച് അപകടം വരുത്തുന്നതുമായി ബന്ധപ്പെട്ട കേസുകളിലും മറ്റും കുറ്റാരോപിതരാകുന്നവരുടെ ഡ്രൈവിംഗ് ലൈസൻസ് സസ്പെന്റ് ചെയ്യുന്നതിനുള്ള റിപ്പോർട്ട് ബന്ധപ്പെട്ട ആർ.ടി. ഓഫീസുകളിലേയ്ക്ക് നൽകി വരുന്നുണ്ട്. ഇത്തരം കുറ്റകൃത്യങ്ങളിൽപ്പെടുന്നവർക്കെതിരെ നിലവിലുള്ള നിയമ വ്യവസ്ഥയിലെ ശക്തമായ വകുപ്പുകൾ പ്രകാരം തന്നെ കേസ് രജിസ്റ്റർ ചെയ്യും വരുന്നു.

(ഇ) തിരുവനന്തപുരം റൂറൽ ജില്ലയിൽ 2015-ൽ ഒരു കേസിൽ ഒരാൾ മരണപ്പെടുകയും രണ്ടുപേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

(എഫ്) ഹെൽമറ്റ് ധരിക്കാത്തതിന്റെ പേരിൽ 65,45,316 പെറ്റി കേസുകളെടുക്കുകയും 64,83,41,600 രൂപ പിഴ ഈടാക്കുകയും ചെയ്തിട്ടുണ്ട്.

(ജി) 15,65,123 പെറ്റി കേസുകളെടുക്കുകയും പിഴ ഇനത്തിൽ 15,59,77,400 രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. റോഡിന്റെ മറവിലും ട്രാഫിക് സിഗ്നലിന്റെ സമീപത്തും വാഹന പരിശോധന നടത്തുന്നതായോ, അതുമൂലം അപകടങ്ങൾ വർദ്ധിക്കുന്നതായോ ഉള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly